പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 4718

26.10.2016 -ലെ മറുപടിയ്ക്ക്

# തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം വിഭാഗങ്ങൾക്ക് തൊഴിൽ നഷ്ടമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടില്ല. എന്നാൽ പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് കിറ്റെക്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ തൊഴിലാളി സമരത്തെ തുടർന്ന് ലോക്കൗട്ട് ആയതിന്റെ ഫലമായി 500 തൊഴിലാളികൾക്കും ഗ്രേറ്റ് സ്ലാഫോൾഡിംഗ്സ് എന്ന സ്ഥാപനത്തിൽ സമരം മൂലമുള്ള ലോക്കൗട്ടിനെ തുടർന്ന് 12 തൊഴിലാളികൾക്കും തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഒരു വിഭാഗങ്ങളിലും തൊഴിൽ നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ആധാരം എഴുത്ത് തൊഴിലാളികളുടേതിന് സമാനമായി തൊഴിലും തൊഴിൽ ദിനങ്ങളും നഷ്ടപ്പെടുന്ന വിഭാഗങ്ങളുടെ സംരക്ഷണത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) യും (സി)യും തൊഴിൽ വകുപ്പിന് കീഴിലുള്ള മേഖലകളിൽ തൊഴിലും തൊഴിൽ ദിനങ്ങളും നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആധാരം എഴുത്തുകാരുടെ പ്രശ്നം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി ഒരു കമ്മീഷനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് നികുതി വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) വിവിധ വകുപ്പുകളുടെ തീരുമാന പ്രകാരം തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളുടെ സംരക്ഷണത്തിന് തൊഴിൽ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ നടത്താറുണ്ടോ; എങ്കിൽ ആധാരം സ്വയം തയ്യാറാക്കാൻ ഉത്തരവ് നൽകുക വഴി തൊഴിൽ നഷ്ടപ്പെട്ട ആധാരം എഴുത്തുകാരുടെ വിഷയത്തിൽ തൊഴിൽ വകുപ്പ് എന്തെല്ലാം ഇടപെടൽ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | |

Sreekala

സെക്ഷൻ ഓഫീസർ